മിൽക്ക്ഫെഡ് വികസനപദ്ധതി

58 (4093) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിൽക്ക്ഫെഡ് വികസന പദ്ധതികൾക്ക് രൂപം നല്കിയിട്ടുണ്ടോയെന്നു വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിവഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ;

(സി) ഈ പദ്ധതിയുമായി ആരെല്ലാമാണ് സഹകരിക്കുന്നതെന്നു വിശദമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) സംസ്ഥാനത്ത് കുറഞ്ഞുവരുന്ന കാലിസമ്പത്ത് വർദ്ധിപ്പിക്കുന്നതിലൂടെ പാൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ 2005-06 മുതൽ മിൽക്ക് ഫെഡ് വികസന പദ്ധതിക്ക് രൂപം നൽകി നടപ്പാക്കി വരുന്നുണ്ട്.

(ബി) ക്ഷീരോൽപ്പാദനത്തിൽ സ്വയംപര്യാപ്തത, ക്ഷീരോൽപ്പാദന മേഖലയിലേക്ക് കൂടുതൽ കർഷകരേയും സംരംഭകരെയും സ്വയംസഹായ സംഘങ്ങളെയും ആകർഷിക്കുക, ഉൽപ്പാദനക്ഷമത കൂടിയ കറവപ്പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിലൂടെ സംസ്ഥാനത്തെ പാലുൽപ്പാദനം വർദ്ധിപ്പിക്കുക എന്നിവയാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) മൃഗസംരക്ഷണ വകുപ്പ്, വിവിധ ബാങ്കുകൾ/ധനകാര്യസ്ഥാപനങ്ങൾ, ക്ഷീരസഹകരണസംഘങ്ങൾ തുടങ്ങിയവർ ഈ പദ്ധതിയുമായി സഹകരിച്ചു പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ടി പദ്ധതി നടപ്പാക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ച കിട്ടുന്ന തുകയ്ക്ക് ആവശ്യമായ വിശദമായ പ്രോജക്ട് രൂപരേഖയ്ക്ക് ഭരണാനുമതി നൽകുകയും ആയതനുസരിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ, അപേക്ഷാഫോറങ്ങൾ എന്നിവ തയ്യാറാക്കി ജില്ലാതല/ബ്ലോക്കുതല ഓഫീസുകൾക്ക് ക്ഷീരവികസനവകുപ്പ് നൽകിവരികയും ചെയ്യുന്നു. മാർഗ്ഗനിർദ്ദേശപ്രകാരം ജില്ലാതല/ബ്ലോക്കുതല ഉദ്യോഗസ്ഥർ ടി പദ്ധതിയുടെ വിശദവിവരങ്ങൾ പത്ര/റേഡിയോ മാധ്യമങ്ങളിലൂടെ നൽകുകയും അപേക്ഷകൾ ക്ഷണിക്കുകയും അപേക്ഷകരിൽ നിന്ന് മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടനടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

മിൽമയുടെ പ്രവർത്തനം

59 (4094) ശ്രീ. പി. കെ. ഗുരുദാസൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിതരണം നടത്തുന്നതിനാവശ്യമായ പാൽ ക്ഷീരകർഷകരിൽ നിന്നും മിൽമയ്ക്ക് സംഭരിക്കാൻ കഴിയുന്നുണ്ടോ ; ഇല്ലെങ്കിൽ അന്യസംസ്ഥാനത്തുനിന്നും പാൽ ഇറക്കുമതി ചെയ്യുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാണോ ;

(ബി) മിൽമ വൻതോതിൽ പാൽ ഇറക്കുമതി ചെയ്യുന്നതിനാൽ കർഷകർക്ക് ലഭിക്കേണ്ട ആനുകൂല്യം അനധികൃതമായി മിൽമ തട്ടിയെടുക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(സി) അന്യസംസ്ഥാനത്തുനിന്നും ഇറക്കുമതി ചെയ്യുന്ന പാൽ എന്ത് വിലയ്ക്കാണ് മിൽമ വാങ്ങുന്നത് എന്നറിയിക്കുമോ ?

ഉത്തരം

(എ) ഇല്ല. ഇപ്പോൾ മിൽമ അന്യസംസ്ഥാനങ്ങളായ തമിഴ്നാട്, കർണ്ണാടക എന്നിവിടങ്ങളിലെ സഹകരണ ക്ഷീരഫെഡറേഷനിലെ ഡയറികളിൽ നിന്നുമാണ് പാൽ കൊണ്ടുവരുന്നത്. ഇപ്രകാരം പ്രതിദിനം തമിഴ്നാട്ടിൽനിന്നും അറുപതിനായിരം ലിറ്ററും കർണ്ണാടകത്തിൽനിന്നും എഴുപത്തിയെണ്ണായിരം ലിറ്റർ പാലുമാണ് ഇപ്പോൾ ഇറക്കുമതി ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly